**No.CEE/1300/2017/3LLB-2017/TA2**

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# <u>വിജ്ഞാപനം</u>

## <u>ത്രിവത്സര എൽഎൽ.ബി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം–2017</u>
## <u>രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ടുമെന്റ്</u>
## <u>ഓപ്ഷൻ കൺഫർമേഷനും പുന:ക്രമീകരണത്തിനുമായി വെബ്സൈറ്റ് സജ്ജമാകുന്നു</u>

കേരളത്തിലെ 4 ഗവൺമെന്റ് ലോ കോളേജുകളിലേയും 5 സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലേയും 2017–18 വർഷത്തെ ത്രിവത്സര എൽഎൽ.ബി കോഴ്സിലേയ്ക്ക് പ്രവേശനത്തിനുള്ള രണ്ടാമത്തെയും അവസാനത്തെയും കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **22.09.2017 (വെള്ളിയാഴ്ച)** ആരംഭിക്കുന്നതാണ്.

അലോട്ട്മെന്റിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത അലോട്ട്മെന്റിൽ നിലവിലെ ഹയർ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കപ്പെടേണ്ടതുണ്ടെങ്കിൽ **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നിർബന്ധമായും നടത്തേണ്ടതും, ആവശ്യമില്ലാത്ത ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യേണ്ടതുമാണ്. ഓപ്ഷൻ കൺഫർമേഷൻ, റദ്ദാക്കൽ, പുന:ക്രമീകരണം എന്നിവയ്ക്കായി **22.09.2017** മുതൽ **23.09.2017 വൈകുന്നേരം 5 മണി** വരെ **<u>www.cee.kerala.gov.in</u>** എന്ന വെബ്സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്. **<u>നിശ്ചിത സമയത്തിനുള്ളിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും ഈ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.</u>** നേരിട്ടോ തപാൽ/ഫാക്സ്/ഇ–മെയിൽ മുഖാന്തിരമോ ഉള്ള ഓപ്ഷൻ കൺഫർമേഷൻ/ഹയർ ഓപ്ഷൻ പുന:ക്രമീകരണം/റദ്ദാക്കൽ എന്നിവയ്ക്കുള്ള അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**അലോട്ടുമെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.**

| | |
|---|---|
| **22.09.2017** | ഓപ്ഷൻ കൺഫർമേഷൻ, റദ്ദാക്കൽ, പുന:ക്രമീകരണം എന്നിവയ്ക്കായി വെബ്സൈറ്റ് സജ്ജമാകുന്നു |
| **23.09.2017, 5 pm** | ഓപ്ഷൻ കൺഫർമേഷൻ, റദ്ദാക്കൽ, പുന:ക്രമീകരണം സൗകര്യം അവസാനിക്കുന്നു |
| **24.09.2017** | **രണ്ടാം ഘട്ട അലോട്ടുമെന്റ്** |
| **25.09.2017 & 26.09.2017** | വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടണം |
| **26.09.2017 വൈകുന്നേരം 5.30 ന്** | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കണം. |

വാർഷിക ട്യൂഷൻ ഫീസ്, മറ്റു ഫീസ്, ഡെപ്പോസിറ്റ് എന്നിവ അലോട്ട്മെന്റ് ലഭിക്കുന്ന കോളേജുകളിൽ തന്നെ അഡ്മിഷൻ സമയത്ത് ഒടുക്കേണ്ടതാണ്. വാർഷിക ട്യൂഷൻ ഫീസ്, മറ്റു ഫീസ്, ഡെപ്പോസിറ്റ് എന്നിവ പ്രതിപാദിക്കുന്ന സർക്കാർ ഉത്തരവ് വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ളത് പരിശോധിക്കുക.

അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് പ്രോസ്പെക്ടസ് ഖണ്ഡിക **6** ൽ പറയുന്ന യോഗ്യത നേടിയിരിക്കണം.

**<u>അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ:</u>**

1. വിദ്യാർത്ഥിയുടെ ഡാറ്റാ ഷീറ്റ്
2. പ്രവേശന പരീക്ഷാ കമ്മീഷണർ നൽകുന്ന അലോട്ട്മെന്റ് മെമ്മോ.
3. എസ്.എസ്.എൽ.സി/ജനന തീയതി തെളിയിക്കുന്ന മറ്റു സ്കൂൾ രേഖകൾ/ജനന സർട്ടിഫിക്കറ്റ്/പാസ്സ്പോർട്ട് എന്നിവയിൽ ഒന്നിന്റെ അസ്സൽ
4. യോഗ്യതാ പരീക്ഷയുടെ മാർക്ക്ലിസ്റ്റുകളും പാസ്സ് സർട്ടിഫിക്കറ്റും (അസ്സൽ)
5. വിദ്യാർത്ഥി അവസാനം പഠിച്ച സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും സ്വഭാവ സർട്ടിഫിക്കറ്റും
6. അടുത്തകാലത്തെടുത്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ
7. സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങൾ/ബാങ്ക് എന്നിവിടങ്ങളിൽ ജോലിചെയ്യുന്ന അപേക്ഷകർ അതത് സ്ഥാപന മേധാവിയിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും സ്വഭാവ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.
8. കേരളത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളിൽ/ബോർഡുകളിൽ നിന്ന് യോഗ്യതാ പരീക്ഷ പാസായ അപേക്ഷകർ പ്രസ്തുത പരീക്ഷകൾ അംഗീകരിച്ചിട്ടുള്ളതായി കേരളത്തിലെ ബന്ധപ്പെട്ട യൂണിവേഴ്സിറ്റി നൽകുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
9. മറ്റ് യൂണിവേഴ്സിറ്റികളിൽ നിന്നും യോഗ്യത നേടിയ വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
10. നേറ്റിവിറ്റി/സംവരണം/ഫീസ് ഇളവ് എന്നിവ തെളിയിക്കുന്നതിനായി ഓൺലൈൻ അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്തിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ അസ്സൽ
11. പ്രോസ്പെക്ടസ്/വിജ്ഞാപനങ്ങൾ/അലോട്ട്മെന്റ് മെമ്മോ എന്നിവയിൽ പറഞ്ഞിട്ടുള്ള മറ്റ് സർട്ടിഫിക്കറ്റുകൾ/രേഖകൾ.

***നിർദ്ദിഷ്ട തിയതികളിൽ കോളേജുകളിൽ അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികൾക്ക് നിലവിലുള്ള അലോട്ടുമെന്റ് നഷ്ടപ്പെടുന്നതാണ്.***

രണ്ടാം ഘട്ട അലോട്ടുമെന്റിൽ ഹയർ ഓപ്ഷനിലേക്ക് അലോട്ടുമെന്റ് ലഭിക്കുന്നവർ നിലവിൽ പ്രവേശനം നേടിയിരിക്കുന്ന കോളേജിൽ നിന്നും ടി.സിയും അനുബന്ധ രേഖകളും കോളേജിൽ പ്രവേശനം നേടിയ സമയത്ത് അടച്ച ട്യൂഷൻ ഫീസും ഡെപ്പോസിറ്റ് തുകയും തിരികെ വാങ്ങി പുതിയ കോളേജിൽ നിർദ്ദിഷ്ട തീയതി കളിൽ തന്നെ പ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം അവർക്ക് നിലവിലുള്ള അഡ്മിഷനും നഷ്ടപ്പെടുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

MS Faye

തിരുവനന്തപുരം

20.09.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**